## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1205 — 05.03.2018-ൽ മറുപടിക്ക്

### മറൈൻ ഫിഷിംഗ് റെഗുലേറ്ററി ആക്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | 2017-ലെ മറൈൻ ഫിഷിംഗ് റെഗുലേറ്ററി ആക്ടിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) & (ബി) | കേരളത്തിൽ 2017 ലെ മറൈൻ ഫിഷിംഗ് റഗുലേഷൻ (അമെന്റ്മെന്റ്) ആക്റ്റ് 18.09.2017 ൽ നടപ്പിലാക്കിയിട്ടുണ്ട്. ബോട്ട് നിർമ്മാണ യാർഡുകളുടെയും മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റുകളുടെയും രജിസ്ട്രേഷൻ, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം എന്നിവയാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. നിയമാനുസൃതം മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രയാസം നേരിടുന്നില്ല. |
| (ബി) | കേരളം ഈ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നടപ്പിലാക്കിയതെന്നും ഇത് മൂലം മത്സ്യത്തൊഴിലാളികൾക്ക് പ്രയാസം ഉണ്ടോയെന്നും വ്യക്തമാക്കാമോ; | | |
| (സി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ ഇതര സംസ്ഥാനങ്ങളിലേക്ക് തൊഴിൽതേടി പോകുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന് പുറത്തു നിന്നുള്ള നിരവധി മത്സ്യത്തൊഴിലാളികൾ കേരളത്തിലെ യാനങ്ങളിൽ ജോലിക്കെത്തുന്നുണ്ട്. |
| (ഡി) | ചെറുമത്സ്യങ്ങളെ പിടികൂടുന്നത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരെയെങ്കിലും നിയോഗിച്ചിരുന്നോ ; എങ്കിൽ ആരെയാണ് പ്രസ്തുത ഉത്തരവാദിത്തം ഏൽപ്പിച്ചതെന്നും ഏത് വർഷത്തിലായിരുന്നുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭ്യമായത് എപ്പോഴായിരുന്നു; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ; | (ഡി) | ചെറുമത്സ്യങ്ങളെ പിടിക്കുന്നതിന്റെ ദൂഷ്യവശങ്ങളുടക്കമുള്ള വിവിധ വിഷയങ്ങളിൽ സി.എം.എഫ്.ആർ.ഐ പോലുള്ള സ്ഥാപനങ്ങൾ സ്വന്തം നിലയിൽ പഠനങ്ങൾ നടത്തുകയും, എല്ലാ തീരദേശ സംസ്ഥാനങ്ങൾക്കും കാലാകാലങ്ങളിൽ ശുപാർശകൾ നൽകാറുമുണ്ട്. ചെറു മത്സ്യങ്ങളെ പിടിക്കുന്നതു സംബന്ധിച്ച സി.എം.എഫ്.ആർ.ഐ-യുടെ നിർദ്ദേശങ്ങൾ ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായ വിദഗ്ദ്ധ സമിതി വിലയിരുത്തുകയും എം.എൽ.എസ് നടപ്പിലാക്കണമെന്ന് 2016 ഡിസംബറിൽ ശുപാർശ ചെയ്യുകയും ചെയ്തിട്ടു ണ്ട്. വിവിധ ജാതിയിൽപ്പെട്ട 58 മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ചിട്ടുണ്ട്. അതല്ലാതെ ഫിഷറീസ് വകുപ്പ് ഈ വിഷയത്തിൽ ഏതെങ്കിലും പ്രത്യേക ഏജൻസിയെ പഠനത്തിനായി നിയോഗിച്ചിട്ടില്ല |

| | | | |
|---|---|---|---|
| (ഇ) | ബോട്ടുകൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിൽ ചെറിയ മത്സ്യങ്ങൾ പാടില്ലെന്ന് നിയമമുണ്ടോ; എങ്കിൽ പ്രസ്തുത നിയമം ലംഘിക്കുന്നവർക്കെതിരെ ഏത് തരത്തിലുള്ള നിയമ നടപടികളാണ് സ്വീകരിക്കുന്നത്; | (ഇ) | കെ.എം.എഫ്.ആർ ആക്റ്റ് പ്രകാരം, ചെറുമത്സ്യങ്ങളെ പിടിക്കുന്നത് അനുവദനീയമല്ല. മത്സ്യസമ്പത്ത് നിലനിർത്തി സുസ്ഥിര ചൂഷണം ചെയ്യുക എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം ലീഗൽ സൈസ് ലംഘിക്കുന്നവർക്കെതിരെ കെ.എം.എഫ്. ആർ ആക്റ്റ് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | ബോട്ടുകൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിൽ എത്ര ശതമാനം ചെറിയ മൽസ്യങ്ങൾ ഉണ്ടെങ്കിലാണ് പിഴയോ മറ്റു നടപടികളോ സ്വീകരിക്കേണ്ടതെന്ന് സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് ശുപാർശ ചെയ്തിട്ടുള്ളത്; | (എഫ്) യും (ജി) യും | ഏതെങ്കിലും ജാതിയിൽപ്പെട്ട മത്സ്യത്തിന്റെ എണ്ണത്തിൽ 50% നു മേൽ ചെറുമത്സ്യങ്ങളുണ്ടെങ്കിൽ നിയമ നടപടി സ്വീകരിക്കണം എന്നാണ് സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് ശുപാർശ ചെയ്തിട്ടുള്ളതെങ്കിലും മത്സ്യസമ്പത്തിന്റെ ആശങ്കപ്പെടുത്തുന്ന കുറവ് കണക്കിലെടുത്ത് ടി ശുപാർശ സർക്കാർ അതേപടി അംഗീകരിച്ചിട്ടില്ല. ഡയമണ്ട് ആകൃതിയിലുള്ള വലക്കണ്ണികൾ ഉള്ള ട്രോൾ വലകൾ ഉപയോഗിച്ചു നടത്തുന്ന ഇന്നത്തെ ട്രോളിങ്ങ് മത്സ്യബന്ധന രീതിയിൽ മാറ്റം വരുത്തി ചതുരാകൃതിയിലുള്ള (square mesh) വലക്കണ്ണികൾ ട്രോൾ വലകളിൽ ഉപയോഗിക്കാനാണ് പുതിയ നിയമ ഭേദഗതി നിഷ്കർഷിക്കുന്നത്. ചതുരാകൃതിയിലുള്ള വലകണ്ണികൾ ട്രോൾ വലകളിൽ ഉപയോഗിക്കുന്നതോടെ ചെറു മത്സ്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങാനുള്ള സാധ്യത കുറയും. അതുകൊണ്ട് പിടിക്കുന്ന മത്സ്യങ്ങളിൽ ചെറുമത്സ്യങ്ങളുടെ സാന്നിദ്ധ്യം എത്രത്തോളം ആകാമെന്നതു പുനഃനിർണ്ണയിക്കപ്പെടും. |
| (ജി) | ശിപാർശ നിയമമാക്കിയപ്പോൾ ശതമാനത്തിനു പകരം ചെറിയ മീനിന്റെ സാന്നിദ്ധ്യം എന്നായത് അശാസ്ത്രീയമാണെന്നും അത് മത്സ്യത്തൊഴിലാളികളെ പ്രയാസത്തിലാക്കിയിട്ടുണ്ടെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് പ്രതിവിധികളാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ